എയ്ഞ്ചൽസ് ആർമി



# ജപമാല കൊണ്ടൊരു പുല്ക്കൂട്

*അമ്മയുടെ കരം പിടിച്ച് നമുക്ക് യാത്ര ആരംഭിക്കാം.*
*ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക്*
*ഈ യാത്ര നമ്മെ കൊണ്ടെത്തിക്കട്ടെ.*
*'ചരടിൽ കോർത്ത സുവിശേഷ'മാണല്ലോ ജപമാല.*

www.malankaralibrary.com

## ആശംസ

ബേത്‌ലെഹെമിലെ പുല്ക്കൂട്ടിലേയ്ക്ക് നാം മുഖവും ഹൃദയവും തിരിക്കുന്ന സമയമാണല്ലോ. പുല്ക്കൂട്ടിൽ എത്തുക എന്നതാണ് പ്രധാനം. ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് ഒരു പുല്ക്കൂട് തീർക്കാനുള്ള പരിശ്രമം അതീവഹൃദ്യമാണ്. പുല്ക്കൂടിന്റെ ചൈതന്യമാണല്ലോ രക്ഷകന്റെ ജീവിതശൈലിതന്നെ. 20 രഹസ്യങ്ങൾ ധ്യാനിച്ച് രക്ഷകനെ കണ്ടെത്തുന്നതിന്, പരിശുദ്ധ അമ്മയുടെ ഹൃദയം തുറന്ന പരിശുദ്ധാത്മാവ്, നമ്മുടെ ഹൃദയവും തുറക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമുക്ക് ജപമാലകൊണ്ട് ഒരു പുല്ക്കൂട് തീർക്കാം. നമ്മുടെ മാലാഖമാരുടെ സൈന്യവ്യൂഹം (എയ്ഞ്ചൽസ് ആർമി) പുല്ക്കൂടിനു ചുറ്റും അണിനിരക്കട്ടെ.



എന്ന് പ്രാർത്ഥനാശംസകളോടെ,
**ബിഷപ്പ് ഡോ. സാമുവൽ മാർ ഐറേനിയോസ്**
(ചെയർമാൻ, കരിസ്മാറ്റിക് കമ്മീഷൻ, KCBC)

## ആശംസ

കുടുംബമൊന്നിച്ച്, ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് നമ്മൾ ഉണ്ണീശോയെ വരവേല്ക്കാൻ ഒരുങ്ങുകയാണ്. എയ്ഞ്ചൽസ് ആർമി ഒരുക്കിയിരിക്കുന്ന 'ജപമാലകൊണ്ടൊരു പുല്ക്കൂട്' എന്ന ഈ ക്രിസ്തുമസ് ഒരുക്കം എല്ലാ കുടുംബങ്ങൾക്കും അനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു.



പ്രാർത്ഥനയോടെ,
**ഫാ. ജസ്റ്റിൻ പിൻഹീറോ**
(ആനിമേറ്റർ, എയ്ഞ്ചൽസ് ആർമി)

പ്രിയമുള്ളവരേ, പരിശുദ്ധ അമ്മയുടെ ജപമാലയിലൂടെ ഒരു യാത്രയാണ് ഈ വർഷത്തെ ക്രിസ്തുമസ് ഒരുക്കത്തിനായി 'എയ്ഞ്ചൽസ് ആർമി' തയ്യാറാക്കിയിരിക്കുന്നത്. 'ജപമാലകൊണ്ടൊരു പുല്ക്കൂട്' എന്ന ഈ ധ്യാനാത്മക ഒരുക്കത്തിൽ, മാതാവിന്റെ മടിയിലിരുന്ന് ഉണ്ണീശോയോടൊപ്പം, ജപമാല രഹസ്യങ്ങൾ ധ്യാനിക്കുവാൻ നാം ശ്രമിക്കുകയാണ്. ഈ അമ്മയുടെ കരം പിടിച്ച് നമുക്ക് യാത്ര ആരംഭിക്കാം. ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഈ യാത്ര നമ്മെ കൊണ്ടെത്തിക്കട്ടെ. 'ചരടിൽ കോർത്ത സുവിശേഷ'മാണല്ലോ ജപമാല.

എന്ന്,
**എയ്ഞ്ചൽസ് ആർമി ടീം**

ഓരോ ദിവസവും അതതു ദിവസത്തെ രഹസ്യം ധ്യാനിക്കുന്നതോടൊപ്പം, 'സ്വർഗസ്ഥനായ പിതാവേ' യും 'നന്മനിറഞ്ഞ മറിയമേ'യും 'ത്രിത്വസ്തുതി'യും ആവുന്നത്രചൊല്ലി പ്രാർത്ഥിക്കാൻ ശ്രമിക്കാം. അതതു ദിവസത്തെ സുകൃതജപങ്ങൾ ഉരുവിടാനും പരിശുദ്ധ അമ്മയോടു ചേർന്ന് നിന്ന്, ആവുന്നത്ര പുണ്യങ്ങൾ സമ്പാദിക്കാനും ഈ ദിവസങ്ങളിൽ ശ്രദ്ധിക്കുമല്ലോ.

★★★ ആദ്യത്തെ 4 ദിവസങ്ങളിൽ ശ്രദ്ധിക്കാൻ:

ഒരു ദിവസമെങ്കിലും സാധിക്കുന്നത്ര സമയം വചനം ഉച്ചത്തിൽ വായിക്കുക. ഒപ്പം, തിരുസഭയ്ക്കു വേണ്ടി- പ്രത്യേകമായി, വൈദികർക്കും സന്യസ്തർക്കും വേണ്ടി- പ്രാർത്ഥിക്കുകയും ചെയ്യാം.

# 01 ഡിസംബർ



## ത്രിത്വസ്തുതി

ഈശോയേ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും മുദ്രയാണല്ലോ നീ എന്റെമേൽ പതിച്ചിരിക്കുന്നത്. അതുകൊണ്ട്തന്നെ മറ്റാർക്കും എന്റെ മേൽ ഒരവകാശവുമില്ല- എനിക്കുപോലും! തോന്നുന്നതെല്ലാം ചെയ്യാൻ എനിക്ക് അനുവാദവുമില്ല. കാരണം, ഞാൻ എന്റെ സ്വന്തമല്ല. ദൈവമേ, ഞാൻ നിനക്ക് അത്രയേറെ പ്രിയപ്പെട്ടതും അമൂല്യവുമായതുകൊണ്ടല്ലേ... എന്റെമേൽ നീ മുദ്ര പതിച്ചത്! ഞാൻ... പിതാവിന്റെ സൃഷ്ടി... പുത്രന്റെ രക്തത്തിന്റെ വില... പരിശുദ്ധാത്മാവിന്റെ ആലയം.

അമ്മേ മാതാവേ, അൾത്താരയിലെ കാസ, തിരുക്കർമ്മങ്ങൾക്കുവേണ്ടി മാത്രമുള്ളതുപോലെ, പരിശുദ്ധത്രിത്വത്തിന്റെ മുദ്രയുള്ള ഞാൻ ദൈവത്തിന്റേത് മാത്രമാകുന്നു.

### പ്രാർത്ഥന

ഈശോയേ, ത്രിയേക ദൈവത്തിന്റെ മുദ്ര എപ്പോഴും എന്റെ നെറ്റിത്തടത്തിലും, ഹൃദയത്തിലും അധരത്തിലും ഉണ്ടാവണേ. പ്രലോഭനങ്ങളിൽ ഇതാണല്ലോ എന്റെ ശക്തി! പിതാവിന്റെ മകളും പുത്രന്റെ അമ്മയും പരിശുദ്ധാത്മാവിന്റെ മണവാട്ടിയുമായ പരിശുദ്ധ അമ്മേ, ഒരു സർപ്പത്തിനും ഇനിയെന്നെ കബളിപ്പിക്കാനോ, തൊടാനോപോലുമാവില്ലെന്ന് അമ്മ നിരന്തരം എന്നെ ഓർമ്മിപ്പിക്കണമേ.

### വചനം

"ദൈവത്തിന്റെ കൃപാവരം നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ." (ഹെബ്രാ 13:25)

### സുകൃതജപം

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി!

www.malankaralibrary.com

02 ഡിസംബർ



## സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...

ഈശോയേ, നീ ഉരുവിടുന്നത് കേട്ടാണ്, നിന്റെ മുഖത്തുനിന്നുമാണ് ഞാൻ ഈ പ്രാർത്ഥന പഠിച്ചത്. ഇതിലും മനോഹരമായ ഒരു പ്രാർത്ഥന ഇല്ല. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന വരി ചൊല്ലുമ്പോൾ സ്വർഗീയ പിതാവിനോടുള്ള സ്നേഹംകൊണ്ട് ഹൃദയം നിറയണം, നിറഞ്ഞ് കവിയണം. ഞാൻ സ്നേഹിക്കുന്നതിനേക്കാൾ ഒരു പതിനായിരം മടങ്ങ് എന്റെ സ്വർഗീയ പിതാവ് എന്നെ സ്നേഹിക്കുന്നു. എനിക്കുവേണ്ടി ഏത് അറ്റം വരെയും പോകുന്ന എന്റെ പിതാവ്... ഈശോയേ, എന്നെ ഈ പിതാവിന്റെ ചങ്കോടു ചേർത്തു വയ്ക്കാനായിരുന്നില്ലേ നീ കാൽവരിയിൽ യാഗമായത്.

അമ്മേ മാതാവേ, എനിക്ക് എന്തെല്ലാം പോരായ്മകളുണ്ടെങ്കിലും, കുറവുകളുടെ കൂമ്പാരമാണ് ഞാനെങ്കിലും അപ്പന് ഞാനെന്നും അപ്പന്റെ കുഞ്ഞാണല്ലേ. ഉള്ളുതട്ടി ഞാൻ 'അപ്പാ..' എന്ന് വിളിക്കുമ്പോഴെല്ലാം രണ്ടു കൈയും നീട്ടി പിതാവ് എന്റെ അരികിലുണ്ട്. ആ പിതാവിന്റെ കരവലയത്തിൽനിന്നുകൊണ്ട് വേണമല്ലേ അമ്മേ, ഞാൻ ഈ പ്രാർത്ഥനയുടെ ഇനിയുള്ള വരികൾ ഉരുവിടാൻ..

*പ്രാർത്ഥന*

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ..., ആമ്മേൻ.

*വചനം*

"കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും." (1 യോഹ 3:1)

*സുകൃതജപം*

സ്വർഗ്ഗീയ പിതാവേ, എന്റെ അപ്പാ!

03 ഡിസംബർ

## നന്മനിറഞ്ഞ മറിയമേ സ്വസ്തി!



ഈശോയേ, 'നന്മ നിറഞ്ഞ മറിയമേ..' ചൊല്ലുമ്പോൾ അമ്മയുടെ വിരൽ തുമ്പിലാണ് ഞാൻ പിടിക്കുന്നത്. ദൈവവചനംകൊണ്ട് മാത്രം കൊരുത്തെടുത്ത ഈ പ്രാർത്ഥന എനിക്കു ചുറ്റും എത്ര വലിയൊരു സംരക്ഷണമാണ് തീർക്കുന്നത്. തിൻമ തൊടുക്കുന്ന അസ്ത്രങ്ങൾക്കൊന്നും അമ്മ തീർക്കുന്ന ഈ വലയത്തെ ഭേദിക്കാനാവില്ലല്ലേ.

അമ്മേ, അമ്മയോട് ചേർന്നു ഞാൻ പ്രാർത്ഥിക്കുമ്പോൾ, ജപമാലമണികൾ ചലിക്കുമ്പോൾ, സ്വർഗം ജ്വലിക്കുന്നു, നരകം വിറയ്ക്കുന്നു. അമ്മേ, അമ്മ എന്നും എന്റെ ആശ്രയമാണ്, എന്റെ സ്വന്തം അമ്മയാണ്, വില നിർണയിക്കാനാവാത്ത എന്റെ അമൂല്യ നിധിയാണ്.

*പ്രാർത്ഥന*

നന്മനിറഞ്ഞ മറിയമേ സ്വസ്തി! കർത്താവ് അങ്ങയോടുകൂടെ, സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

*വചനം*

"അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ, നിൻെറ അമ്മ." (യോഹ 19:27)

*സുകൃതജപം*

ഉണ്ണീശോയേ, നിന്റെ അമ്മ എന്റേതുമാണ്.

www.malankaralibrary.com

# പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ

04 ഡിസംബർ

ഈശോയേ, 'പാപികളായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണ'മെന്ന് പരിശുദ്ധ അമ്മയോട് പറയുമ്പോൾ സഭ മുഴുവനുംവേണ്ടിയാണല്ലോ അമ്മ കൈകളുയർത്തുന്നത്. ഞാനും സഭയും രണ്ടല്ല... ഒന്നാണ്. ഈശോയേ, നിന്റെ കുരിശിൻ ചുവട്ടിൽ പിറവികൊണ്ട സഭ എന്നും കുറവുള്ളവരുടെ കൂട്ടായ്മ ആയിരുന്നല്ലോ. നിന്റെ ശിഷ്യരിൽ ഇടറാത്തതായി ഒരാൾപോലും ഉണ്ടായിരുന്നില്ല. എങ്കിലും നീ അവരെ പൊതിഞ്ഞു പിടിച്ചു. ഈശോയേ, നീ ചോര വിയർത്തും ചോര വാർത്തും വളർത്തിയ നിന്റെ സഭയെ ഞാനും പൊതിയട്ടെ..

അമ്മേ, സഭ എന്റെയും അമ്മയാണ്. ഈ അമ്മയുടെ കൈകപിടിച്ചാണു ഞാൻ നടന്നുതുടങ്ങിയത്. കുറവുകളെക്കാൾ നിറവുകളാണ് അവളിൽ കൂടുതൽ. അവൾ ഇന്ന് കനൽവഴിയിൽ നടക്കുമ്പോൾ- അവൾ വേദനിക്കുമ്പോൾ, എന്റെ ചങ്കും പിടയേണ്ടതല്ലേ? എന്റെ ഉള്ളും പൊള്ളേണ്ടതല്ലേ? പരിശുദ്ധഅമ്മേ, നിന്നോടൊപ്പം ഞാനുമിതാ ചേരുന്നു. തിരുസഭയ്ക്കുവേണ്ടി കൈവിരിക്കാൻ.. കുറവുകളുണ്ടാകുമ്പോൾ അവൾക്കുവേണ്ടി പ്രാർത്ഥിക്കാൻ..



*പ്രാർത്ഥന*

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കേണമെ. ആമ്മേൻ

*വചനം*

"നീ പത്രോസാണ്; ഈ പാറമേൽ എൻെറ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല." (മത്താ 16:18)

*സുകൃതജപം*

ഉണ്ണീശോയേ, ഞാനും തിരുസഭയെ സ്നേഹിക്കുന്നു.

---

★★★ **വരുന്ന 5 ദിവസങ്ങളിൽ ശ്രദ്ധിക്കാൻ:**

മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങൾ പറയാൻ ബോധപൂർവം ശ്രമിക്കുക. ഒപ്പം, എല്ലാ ഗർഭിണികൾക്കും മക്കളില്ലാത്ത ദമ്പതികൾക്കുംവേണ്ടി പ്രാർത്ഥിക്കാം.

05 ഡിസംബർ

സന്തോഷത്തിന്റെ 1-ാം രഹസ്യം

# പരിശുദ്ധ മറിയത്തെ മംഗളവാർത്ത അറിയിക്കുന്ന ഗബ്രിയേൽ മാലാഖ



ഈശോയേ, പിതാവ് അയച്ച ഗബ്രിയേൽ മാലാഖ നിന്റെ അമ്മയെ താണുവണങ്ങി നിൽക്കുന്നത് ഞാൻ കാണുന്നു. ഈശോയേ, നീ ഉദരത്തിൽ ഉരുവാകുന്നതിന് മുൻപു തന്നെ, 'സ്വസ്തി' എന്നു പറഞ്ഞാണല്ലോ ഈ മുഖ്യദൂതൻ അമ്മയെ വണങ്ങുന്നത്! അതേ, അതായിരുന്നു പരിശുദ്ധ ത്രിത്വത്തിന്റെ തീരുമാനം. ദൈവമാതാവായ നിന്റെ അമ്മയ്ക്ക്, സ്വർഗ്ഗം നൽകിയ ഈ ആദരവിൽ ഏറ്റവുമധികം സന്തോഷിച്ചത് നീയായിരുന്നുവല്ലോ. 'കൃപ നിറഞ്ഞ മറിയമേ, സ്വസ്തി' എന്ന മാലാഖയുടെ അഭിവാദനസ്വരം കേട്ടമാത്രയിൽ പ്രപഞ്ചം മുഴുവൻ കോരിത്തരിക്കുന്നതും നരകം നടുങ്ങിവിറയ്ക്കുന്നതും ഞാൻ കാണുന്നു.

അമ്മേ, ജപമാല മണികളിലൂടെ, മാലാഖയുടെ ഈ അഭിവാദനം, ഒരു മഴയായ് പെയ്തു കുതിർന്ന ഹൃദയത്തിൽ വചനം ആഴത്തിൽ വളരുമല്ലോ. എന്റെ അമ്മേ, എന്റെ ഹൃദയവയലിലും വചനത്തിനു വേരോടാൻ, പടർന്നു പന്തലിക്കാൻ, മാംസം ധരിക്കാൻ മാലാഖയോടൊപ്പം ഞാനും നിന്നെ താണുവണങ്ങട്ടേ- കൃപ നിറഞ്ഞ മറിയമേ സ്വസ്തി.

*പ്രാർത്ഥന*

പരിശുദ്ധ അമ്മേ, വചനമായ ദൈവം ഞങ്ങളുടെയുള്ളിലും മാംസം ധരിക്കാൻ അമ്മയുടെ എളിമയെന്ന പുണ്യം ഞങ്ങൾക്കും തരണമേ.

*വചനം*

"മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." (ലൂക്കാ 1:38)

*സുകൃതജപം*

ഉണ്ണീശോയെ, വചനമായ നിന്നെ ഞാൻ വണങ്ങുന്നു.

www.malankaralibrary.com

സന്തോഷത്തിന്റെ 2-ാം രഹസ്യം

# ചലിക്കുന്ന സക്രാരിയായ അമ്മ കടന്നുവന്ന സഖറിയായുടെ ഭവനം

06 ഡിസംബർ

ഈശോയേ, നിന്റെ അമ്മയുടെ സ്വരം ഇതാ ഏലീശ്വായുടെ കാതുകളിൽ പതിക്കുന്നു. പരിശുദ്ധ അമ്മയേക്കാൾ പ്രായമേറിയവളെങ്കിലും, ദൈവാത്മാവിനാൽ നിറയുന്ന ഏലീശ്വാ എത്ര താഴ്മയോടും സ്നേഹത്തോടുംകൂടെയാണ് നിന്റെ അമ്മയെ സ്വീകരിക്കുന്നത്! നിന്റെയും അമ്മയുടെയും സാന്നിദ്ധ്യം തിരിച്ചറിഞ്ഞ യോഹന്നാൻ ഇതാ 'ആനന്ദനൃത്തം' ചവിട്ടുന്നല്ലോ. എത്ര മനോഹരമാണീ കാഴ്ച! മറിയമെന്ന പരിശുദ്ധ സക്രാരിയോടു തന്റെ ഭവനത്തെ ചേർത്തുവച്ച സഖറിയാ ഇതാ പ്രവാചകനായും മാറുന്നു.

അമ്മേ, ഞാനിന്നറിയുന്നു, അമ്മേയോടും ഉണ്ണിയോടും ചേർന്നിരുന്നാൽ കുടുംബങ്ങൾ ദേവാലയമായി മാറുമെന്ന്. അമ്മയുടെ സ്വരത്തിനായി കാതോർക്കുന്ന മാതാപിതാക്കൾ ദൈവിക ജ്ഞാനമുള്ളവരാകും, അല്ലേ? ആ കുടുംബങ്ങളിൽ ഉണ്ണീശോയോടു ഹൃദയബന്ധമുള്ള കുട്ടികൾ പിറക്കും. അവനോട് ആത്മബന്ധമുള്ളവരായിത്തന്നെ അവർ വളരും.



*പ്രാർത്ഥന*

പരിശുദ്ധ അമ്മേ, എല്ലാ ഗർഭിണികളെയും ഗർഭസ്ഥ ശിശുക്കളെയും പരിശുദ്ധാത്മാവിനാൽ നിറയ്ക്കാൻ, അമ്മ അവരുടെ അടുത്തേയ്ക്ക് ഉണ്ണീശോയുമായി കടന്നു ചെല്ലണമേ.

*വചനം*

"നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം." (ലൂക്കാ 1:42)

*സുകൃതജപം*

ഉണ്ണീശോയെ, ദൈവിക ജ്ഞാനത്താൽ ഞങ്ങളുടെ കുടുംബങ്ങളെ നിറയ്ക്കണമേ.

---

സന്തോഷത്തിന്റെ 3-ാം രഹസ്യം

# പിള്ളക്കച്ചയിൽ പൊതിഞ്ഞ് അമ്മയുടെ കൈയ്യിലുറങ്ങുന്ന ഊണ്ണീശോ

07 ഡിസംബർ

ഉണ്ണീശോയേ, അമ്മയുടെ കൈകളിൽ ശാന്തമായി ഉറങ്ങുന്ന നിന്നെ ഞാൻ കാണുന്നു. മഞ്ഞുപെയ്യുന്ന ഈ രാവിൽ ഉണ്ണിയുടെ തണുപ്പുമാറ്റാൻ പിള്ളക്കച്ചകൾക്കാവുമോ? അമ്മയുടെ നെഞ്ചിലെ സ്നേഹത്തിന്റെ ചൂടല്ലേ, ഉണ്ണിയുടെ തണുപ്പകറ്റുന്നത്. നിന്റെ വിശപ്പകറ്റാൻ പാലാഴിയായും നിനക്കുറങ്ങാൻ താരാട്ടു കട്ടിലായും അമ്മ മാറുന്നു.



അമ്മേ, ഉണ്ണിയെ ചേർത്തുപിടിച്ചപോലെ നീയിന്നെന്നേയും പൊതിഞ്ഞുപിടിക്കുമോ? അമ്മയുടെ മടിയിൽ ഞാനുമൊന്നുറങ്ങിക്കോട്ടേ? ഒരുപാട് സ്നേഹത്തോടെ അമ്മയിതാ, എന്നെ തന്നിലേക്ക് ചേർക്കുന്നു. അമ്മയുടെ ഉണ്ണിയായിത്തന്നെ. എന്റെ മുടിയിലും കവിളുകളിലും അമ്മ വിരലോടിക്കുന്നത് ഞാനറിയുന്നു. എന്റെ ഉള്ളിലെ സ്നേഹത്തിന്റെ കുറവുകളും മുറിപ്പാടുകളും അമ്മേ, നിന്റെ തലോടലിൽ... നിന്റെ സ്നേഹത്തിന്റെ ചൂടിൽ... കരുതലിന്റെ ഊഷ്മളതയിൽ ഇല്ലാതാവുന്നു. സ്നേഹവും പ്രാർത്ഥനയും ഇഴചേർത്ത് നീയെന്നെ പൊതിയുമ്പോൾ എന്റെ ഉള്ളവും സ്വസ്ഥമാവുന്നു. ഉണ്ണിയെപ്പോലെ ഞാനും ശാന്തമായി അമ്മയുടെ കരവലയത്തിലുറങ്ങുന്നു.

*പ്രാർത്ഥന*

ഉണ്ണീശോയേ, ദരിദ്രമായ നിന്റെ പുൽത്തൊട്ടിയിലെ ദിവ്യമായ സ്നേഹത്താൽ എന്നെ നിറയ്ക്കണമേ. പരിശുദ്ധ അമ്മേ, എല്ലാറ്റിലും ഉപരിയായി നിന്റെ ഉണ്ണിയെ സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

*വചനം*

"ഇതാ, ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും." (വെളി 21:3)

*സുകൃതജപം*

കുളിരാൽ വിറയ്ക്കുന്ന കുഞ്ഞുണ്ണീശോയേ, കുഞ്ഞുകുഞ്ഞ് ഉമ്മകൾ തന്ന് ഞാൻ നിന്നെ പൊതിയട്ടെ.

www.malankaralibrary.com

സന്തോഷത്തിന്റെ 4-ാം രഹസ്യം

# ഉണ്ണീശോയെ ദേവാലയത്തിൽ കാഴ്ചവയ്ക്കുന്നു



ദേവാലയത്തിൽ ആദ്യമായി എത്തുന്ന ഉണ്ണീ, പുരോഹിതരോ നിയമജ്ഞരോ നിന്നെ തിരിച്ചറിയുന്നില്ലല്ലോ! വെളിച്ചമായ നിന്നെ തിരിച്ചറിയാനാവാത്തവിധം അവരുടെ കണ്ണുകൾ അന്ധമായതെങ്ങനെ! ബാഹ്യ നേത്രങ്ങളല്ല, ആത്മനേത്രങ്ങൾ തുറന്നിരുന്നാലേ നിന്നെ കാണാനാവൂ എന്നല്ലേ, അന്നയും ശിമയോനും എനിക്ക് പറഞ്ഞുതരുന്നത്! ആത്മാവിന്റെ കാതുകൾക്ക് തുറവിയുണ്ടെങ്കിലേ നിന്നെ കേൾക്കാനാവൂ എന്നല്ലേ, അവർ എന്നെ പഠിപ്പിക്കുന്നത്.

അമ്മേ, ഉണ്ണിയുടെ എല്ലാ ഭാവങ്ങളും അമ്മയെപ്പോലെ അറിയുന്ന വേറാരുമില്ല. അമ്മയുടെ പൊന്നുണ്ണിയുടെ അടുത്ത് എന്നേയും ചേർത്തിരുത്തണമേ. ശിമയോനെപ്പോലെ ഞാനും അവനെ കാണട്ടേ. എന്റെ കാഴ്ച മങ്ങുന്നുവെന്നു തോന്നുമ്പോൾ, ദിവ്യകാരുണ്യ അഞ്ജനം എന്റെ കണ്ണിലെഴുതി, അമ്മ എന്റെ കാഴ്ച തെളിയിച്ചു തരണമേ.

*പ്രാർത്ഥന*

ഉണ്ണീശോയേ, എല്ലായ്പോഴും ദൈവിക പ്രേരണ തിരിച്ചറിയാൻ, ഞങ്ങളുടെ ഹൃദയങ്ങളെ നിർമ്മലമായി കാത്തുകൊള്ളണമേ.

*വചനം*

“സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എൻെറ കണ്ണുകൾ കണ്ടുകഴിഞ്ഞു.” (ലൂക്കാ 2:31)

*സുകൃതജപം*

ഉണ്ണീശോയേ, അങ്ങയുടെ ഹൃദയം ഞങ്ങൾക്ക് തരണമേ.

---

09 ഡിസംബർ

സന്തോഷത്തിന്റെ 5-ാം രഹസ്യം

# ഉണ്ണിയെ ദേവാലയത്തിൽ കണ്ടെത്തുന്നു

ഈശോയേ, എന്തിനാണ് നിന്റെ മാതാപിതാക്കൾക്ക് നീയിത് അനുവദിച്ചത്? സ്വന്തം കുഞ്ഞിനെ നഷ്ടപ്പെടുന്നതിനേക്കാൾ ആഴത്തിൽ വേദനിപ്പിക്കുന്ന മറ്റെന്താണുള്ളത്. വേർപാടിന്റെ മുന്നാസ്വാദനം നിന്റെ അമ്മയ്ക്ക് നൽകാനായിരുന്നുവോ... അതോ, പരീക്ഷകളെ അവരെങ്ങനെയാണ് നേരിടുന്നതെന്ന് എന്നെ പഠിപ്പിക്കാനായിരുന്നുവോ?

അമ്മേ, പരസ്പരം പഴിചാരാതെ അമ്മയും യൗസേപ്പിതാവും ഒരുമിച്ച് ഉണ്ണിയെ തിരയുന്നത് ഞാൻ കാണുന്നു. ദൈവത്തിൽ പൂർണമായും ശരണപ്പെട്ടുകൊണ്ട് പരസ്പരം താങ്ങാവുന്നതും, കണ്ടെത്തുന്നതുവരെ വിശ്രമമില്ലാതെ തിരയുന്നതും, പൊന്നുണ്ണിയെ തിരികെ കിട്ടുമ്പോൾ ആത്മസംയമനത്തോടെ പെരുമാറുന്നതും ഞാൻ കാണുന്നു.

*പ്രാർത്ഥന*

പരിശുദ്ധ അമ്മേ, ഞങ്ങളുടെ ജീവിതത്തിൽ നിന്റെ ഉണ്ണിയെ നഷ്ടപ്പെട്ടാൽ അത് തിരിച്ചറിയാനും ഉടൻ കണ്ടെത്താനും ഞങ്ങളെ സഹായിക്കണമേ.



*വചനം*

“യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിൻെറയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു.” (ലൂക്കാ 2:52)

*സുകൃതജപം*

തിരുക്കുടുംബത്തിന്റെ പാലകനായ വി. യൗസേപ്പിതാവേ, ഞങ്ങൾക്ക് കൂട്ടായിരിക്കണമേ.

www.malankaralibrary.com

★★★ **വരുന്ന 5 ദിവസങ്ങളിൽ ശ്രദ്ധിക്കാൻ:**

വൃദ്ധരെയും അനാഥരെയും സന്ദർശിക്കാനും അവരോടൊപ്പം അല്പസമയം ചിലവഴിക്കാനും ശ്രമിക്കുക. ഒപ്പം, വൈദിക-സന്യാസ ദൈവവിളിക്കുവേണ്ടിയും വൈദിക വിദ്യാർത്ഥികൾ, സന്യാസാർത്ഥിനികൾ എന്നിവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്യാം.

**10 ഡിസംബർ**

പ്രകാശത്തിന്റെ 1-ാം രഹസ്യം

# ഈശോയുടെ ജ്ഞാനസ്നാനം

ഈശോയേ, ജോർദാൻ നദിക്കരയിൽ നില്ക്കുന്ന നിന്നെയും സ്നാപകയോഹന്നാനെയും ഞാൻ കാണുന്നു. അമ്മയുടെ ഉദരത്തിൽവച്ച് തുടങ്ങിയതല്ലേ, നിങ്ങൾ തമ്മിലുള്ള ബന്ധം. നിന്റെ ചെരുപ്പിന്റെ വാറഴിക്കാൻപോലും തനിക്ക് യോഗ്യതയില്ലെന്ന് പറഞ്ഞ യോഹന്നാന്റെ മുമ്പിൽ, നീയിതാ ശിരസ്സുനമിച്ച് ജ്ഞാനസ്നാനത്തിനായി നില്ക്കുന്നു. പാദസേവയ്ക്കുപോലും താൻ ആളല്ല, എന്നുപറഞ്ഞ അവന്റെ കൈകളിലേയ്ക്കിതാ, നീ നിന്റെ ശിരസ്സ് ചേർക്കുന്നു.

അമ്മേ, ഈശോയുടെ മുന്നോടിയായ യോഹന്നാൻ ഇത്രയേറെ ചെറുതാകാൻ പഠിച്ചത് അമ്മയിൽനിന്നുമല്ലേ? ദൈവമാതാവായ നീ, ദാസിയാവാൻ തയ്യാറായപ്പോൾ... വൃദ്ധയായ ഏലീശ്വായെ ശുശ്രൂഷിച്ചപ്പോൾ... നിന്നിലെ പുണ്യം അവനിലേക്കും ഒഴുകിപ്പരന്നു. അമ്മേ, നിന്റെ സ്തോത്രഗീതം അന്നേ നെഞ്ചിലേറ്റിയതുകൊണ്ടല്ലേ, 'ഈശോ വളരണമെന്നും താൻ കുറയണമെന്നും' അവന് പറയാനായത്!



*പ്രാർത്ഥന*

ഈശോയേ, ദൈവീക ജ്ഞാനത്താൽ ഞങ്ങളെ നിറയ്ക്കണമേ

*വചനം*

"അങ്ങ് ജ്ഞാനത്തെയും അങ്ങയുടെ പരിശുദ്ധാത്മാവിനെയും ഉന്നതത്തിൽനിന്നു നൽകിയില്ലെങ്കിൽ, അങ്ങയുടെ ഹിതം ആരറിയും!" (ജ്ഞാ 9:17)

*സുകൃതജപം*

ഉണ്ണീശോയേ, നീ വളരാനായി ഞാൻ കുറയട്ടെ.

---

**11 ഡിസംബർ**

പ്രകാശത്തിന്റെ 2-ാം രഹസ്യം

# കാനായിലെ കല്യാണം

ഈശോയേ, ഇന്ന് കാനായിലെ ഈ കല്യാണവീട്ടിൽ നിന്റെ അമ്മ പരിചാരകരോട് പറയുന്നത് ഞാൻ കേട്ടു, 'അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ'. ഒരു കൂട്ടം പരിചാരകർ അത് ചോദ്യം ചെയ്യാതെ നിന്നെ അനുസരിക്കുന്നതും ഞാൻ കണ്ടു. അവരുടെ അനുസരണമായിരുന്നോ ഈശോയേ, ആ വീഞ്ഞിനെ ഇത്രയും വീര്യമുള്ളതാക്കി മാറ്റിയത്! 'അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ്' എന്ന് നീ പറയാറുണ്ടല്ലോ. എന്തിനെന്ന് ചോദിക്കാതെ ആ പരിചാരകർ കൽഭരണിയിൽ വെള്ളം നിറച്ചു. വക്കോളം തുളുമ്പി നില്ക്കുന്നത് വെള്ളംതന്നെയാണെന്ന് അറിയാമായിരുന്നിട്ടും, പകർന്നു കൊടുക്കാൻ നീ പറഞ്ഞപ്പോൾ തടസ്സം പറയാതെ അവർ അനുസരിച്ചു, ഒന്നു രുചിച്ചു നോക്കുകപോലും ചെയ്യാതെ കലവറക്കാരന് പകർന്നുകൊടുത്തു.

അമ്മേ, അമ്മയോടുള്ള ആ പരിചാരകരുടെ ആഴമുള്ള ബന്ധമല്ലേ- അമ്മയുടെ വാക്കിലുള്ള അവരുടെ വിശ്വാസമല്ലേ- അദ്ഭുതങ്ങളൊന്നും അന്ന് വരെയും ചെയ്തിട്ടില്ലാത്ത അമ്മയുടെ മകനെ അനുസരിക്കാൻ അവരെ സഹായിച്ചത്. അമ്മേ, ഇവിടെ ഇതാ, നിന്നെ അനുസരിക്കുന്ന നിന്റെ ഉണ്ണിയും, നിന്റെ ഉണ്ണിയെ അനുസരിക്കുന്ന പരിചാരകരും. അനുസരണത്തിന്റെ ഫലം എത്രയോ വീര്യമുള്ളതാണ്, എത്രയോ ശ്രേഷ്ഠമാണത്!



*പ്രാർത്ഥന*

അമ്മേ, എപ്പോഴും നിന്റെ ഉണ്ണിയെ അനുസരിക്കാനും എല്ലാക്കാര്യങ്ങളിലും അവിടുത്തേയ്ക്ക് മുൻഗണന നല്കാനും എന്നെ പരിശീലിപ്പിക്കണമേ.

*വചനം*

"ഞാനും എൻെറ കുടുംബവും കർത്താവിനെ സേവിക്കും." (ജോഷ്വ 24:15)

*സുകൃതജപം*

അമ്മേ മാതാവേ, അനുസരണം എന്ന പുണ്യം എനിക്കു നല്കണമേ.

www.malankaralibrary.com

12 ഡിസംബർ



പ്രകാശത്തിന്റെ 3-ാം രഹസ്യം

## ഈശോയുടെ പരസ്യജീവിതം

ഈശോയേ, മർദ്ദിതരെ ചേർത്തുപിടിച്ചും രോഗികളെ സുഖപ്പെടുത്തിയും വേദനിക്കുന്നവരെ ആശ്വസിപ്പിച്ചും നീ ദൈവരാജ്യം പ്രസംഗിച്ചു. നീ ആരെയും മാറ്റിനിർത്തിയില്ല. നിന്റെ ശിഷ്യന്മാരോടൊപ്പമിരുത്തി നീ ചുങ്കക്കാർക്കും പാപികൾക്കും ആഹാരം വിളമ്പി. ഉള്ളംകൊടുത്തപ്പോൾ, അവരിലെല്ലാം നന്മയുടെ ചെറുവിത്തുകൾ പൊട്ടിമുളച്ചുവരുന്നത് ഞാൻ കണ്ടു. ഉള്ളത് പങ്കുവച്ച് നീ കൂടെ നിന്നപ്പോൾ, ആ ചെറുമുകുളങ്ങൾ വളർന്ന് ശിഖരമിട്ട് വൻ മരങ്ങളാകുന്നതും, ആകാശത്തിലെ പറവകൾ അവയുടെ തണലിൽ ചേക്കേറുന്നതും ഞാൻ കണ്ടു.

അമ്മേ, നിന്റെ ഉണ്ണിയെ നിനക്ക് മാത്രമായി നീ മാറ്റിവച്ചില്ല; എല്ലാവർക്കുമായി നീ അവനെ വിട്ടുകൊടുത്തു. കുട്ടികൾക്ക് അവൻ കൂട്ടുകാരനായി, ശിഷ്യർക്ക് അവൻ ഗുരുവായി, രോഗികൾക്ക് അവൻ വൈദ്യനായി, വിശക്കുന്നവർക്ക് അവൻ അന്നദാതാവായി. അവനോടൊപ്പം, അമ്മേ നീയും, എല്ലാവർക്കും എല്ലാമായി.

*പ്രാർത്ഥന*

അമ്മേ മാതാവേ, നിന്റെ ഉണ്ണിയെപ്പോലെ എന്റെ ചുറ്റുമുള്ളവർക്കായി മുറിയപ്പെടാൻ എന്നെ പരിശീലിപ്പിക്കണമേ.

*വചനം*

“എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.” (യോഹ 3:16)

*സുകൃതജപം*

എന്റെ ഈശോയേ,
എന്റെ സർവ്വസ്വമേ!

---

13 ഡിസംബർ

പ്രകാശത്തിന്റെ 4-ാം രഹസ്യം

## ഈശോയുടെ രൂപാന്തരീകരണം

ഈശോയേ, താബോർ മലയിലേക്ക് നീ എന്നെ കൂട്ടിക്കൊണ്ടുവന്നത്, ആൾക്കൂട്ടത്തിൽനിന്നും നീ എന്റെ കൈപിടിച്ച് മല കയറിയത്, ദൈവസ്വരം കേൾക്കുവാൻ എന്നെ പരിശീലിപ്പിക്കാനാണല്ലേ. താഴ്‌വരയിലെ ബഹളത്തിനിടയിൽ നിന്റെ സ്വരം എനിക്ക് നഷ്ടപ്പെടാറുണ്ട്. എന്നാൽ ഇവിടെ ഈ മലയിൽ... നിന്റെ ചാരേ ഇരിക്കുമ്പോൾ... നിന്നെ നോക്കി ഇരിക്കുമ്പോൾ, ദൈവസ്വരം എനിക്ക് വ്യക്തമായി കേൾക്കാം. ഇവിടെ കൂടാരം കെട്ടി പാർത്താൽ കൊള്ളാമെന്നുണ്ടെനിക്ക്. എന്നാൽ, ദൈവസ്നേഹത്തിന്റെ ചൂട് ആവോളം ഏറ്റ്, വീണ്ടും താഴ്‌വരയിലേക്ക് ഇറങ്ങണം എന്നല്ലേ നീ എന്നോട് പറയുന്നത്? അവിടമാണല്ലോ എന്റെ കർമ്മമേഖല.

അമ്മേ, താഴ്‌വരയിലെ ശബ്ദകോലാഹലത്തിൽ മുങ്ങിപ്പോകുംമുമ്പ് വീണ്ടും ദൈവസാന്നിദ്ധ്യത്തിന്റെ താബോർ മലയിലേക്ക് എന്നെ കൈപിടിച്ചു നടത്തണമേ.



*പ്രാർത്ഥന*

ഉണ്ണീശോയേ, പ്രാർത്ഥനയിലൂടെ ദൈവസാന്നിദ്ധ്യം അനുദിനം അനുഭവിച്ചറിയാൻ എനിക്കൊരു നിർബന്ധമുണ്ടാകട്ടെ. മാതാവേ, ഉണ്ണിയുടെ ചൂടേറ്റ നിന്റെ മാറിടത്തിലേയ്ക്ക് എന്നെയും ചേർക്കണമേ.

*വചനം*

“അവിടുത്തെ നോക്കിയവർ പ്രകാശിതരായി” (സങ്കീ 34:5)

*സുകൃതജപം*

കർത്താവായ യേശുവേ, പിതാവിന്റെ പുത്രാ, പാപിയായ എന്റെമേൽ കരുണയായിരിക്കണമേ.

www.malankaralibrary.com

14
ഡിസംബർ

പ്രകാശത്തിന്റെ 5-ാം രഹസ്യം

## ഈശോ വിശുദ്ധ കുർബാന സ്ഥാപിക്കുന്നു



ഈശോയേ, ഇന്ന് ഈ തിരുവത്താഴ മേശയ്ക്കരുകിൽ വച്ച് നീ എന്റെ പാദം നിന്റെ കൈയിൽ എടുത്തുവല്ലോ. ഞാൻ തടുക്കാൻ ശ്രമിച്ചപ്പോൾ സമ്മതിക്കാതെ, നീ എന്റെ പാദം മുഴുവൻ കഴുകി തുടച്ചുവല്ലോ. നിന്റെ മുഖം ആർദ്രമാകുന്നതും നിന്റെ കണ്ണുകൾ നിറയുന്നതും ഞാൻ കണ്ടു. എന്റെ പാദത്തിൽ നിന്റെ കണ്ണുനീർത്തുള്ളികൾ വീണു ചിതറിയപ്പോൾ എന്റെ ഉള്ളം തേങ്ങിപ്പോയി. നീ മുഖം ചേർത്തുവച്ചപ്പോൾ എന്റെ നെഞ്ചും പിടഞ്ഞുപോയി. എന്റെ ഗുരു ഇതാ.. എന്റെ ദൈവം ഇതാ.. എന്റെ പാദാന്തികത്തിൽ. ഞാൻ കൂടെ നിൽക്കില്ലെന്നറിയാമായിരുന്നിട്ടും നീ എന്നെ ചേർത്തു തന്നെ പിടിച്ചു... തിരുവത്താഴ മേശയിൽ നിന്നോടൊപ്പമിരുത്തി നിന്റെ ശരീരവും രക്തവും എനിക്ക് തന്നു.

അമ്മേ, എത്ര അശ്രദ്ധയോടുകൂടെയാണ് ഞാൻ ദേവാലയത്തെ സമീപിച്ചിട്ടുള്ളത്. എത്രലാഘവത്തോടെയാണ് ഞാൻ നിന്റെ ഉണ്ണിയെ സ്വീകരിച്ചിട്ടുള്ളത്. അമ്മേ, ദിവ്യകാരുണ്യഅപ്പത്തിന് ജീവനുണ്ടെന്നും വൈദികനിൽ മറഞ്ഞിരിക്കുന്നത് നിന്റെ മകനാണെന്നും എന്നും എന്നെ ഓർമ്മിപ്പിക്കണമേ.

*പ്രാർത്ഥന*

ഈശോയേ, ഞാൻ തകരാതിരിക്കാനും എനിക്കു ജീവനുണ്ടാകാനുമായി, യോഗ്യതാപൂർവം ദിവ്യകാരുണ്യം സ്വീകരിക്കുവാൻ എന്നെ ഒരുക്കണമേ. ഓരോ വൈദികനെയും, 'സ്വന്തം ഉണ്ണിയോളം വിലയുള്ളവ'നായി കാണുന്ന പരിശുദ്ധ അമ്മേ, വൈദികരെ സ്നേഹിക്കാനും ബഹുമാനിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും എന്നെ സഹായിക്കണമേ.

*വചനം*

"എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു." (യോഹ 6:56)

*സുകൃതജപം*

ദിവ്യകാരുണ്യമായ ഈശോയേ, ഞാൻ അങ്ങയെ ആരാധിക്കുന്നു.

**★★★ വരുന്ന 5 ദിവസങ്ങളിൽ ശ്രദ്ധിക്കാൻ:**

ഈശോയ്ക്കിഷ്ടമുള്ളതു മാത്രം ചിന്തിക്കാനും പറയാനും പ്രവർത്തിക്കാനും ബോധപൂർവം ശ്രമിക്കുക. ഒപ്പം, ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

15
ഡിസംബർ

ദുഃഖത്തിന്റെ 1-ാം രഹസ്യം

## ഈശോ ഗദ്സെമൻ തോട്ടത്തിൽ രക്തം വിയർക്കുന്നു

ഈശോയേ, സഹനത്തിന്റെ ഈ രാത്രിയിൽ യാതൊരാശ്വാസവുമില്ലാതെ നീ കേഴുന്നത് ഞാൻ കാണുന്നു. വേദനയും ദുഃഖവും നിറഞ്ഞവനായി നീ രക്തം വിയർക്കുമ്പോഴും പിതാവിന്റെ ഇഷ്ടത്തിനായി നിന്നെത്തന്നെ വിട്ടുകൊടുക്കുന്നതും ഞാൻ കാണുന്നു. തീവ്രവേദനയുടെ നടുവിലൂടെ നീ കടന്നുപോകുമ്പോൾ, ഉണർന്നിരിക്കാൻ നീ ആവശ്യപ്പെട്ട ശിഷ്യന്മാർപോലും തളർന്നുറങ്ങുകയാണല്ലോ. സ്വർഗത്തിലെ ഒരു ദൂതൻ വന്ന് നിന്നെ ശക്തിപ്പെടുത്തുന്നത് ഞാൻ കാണുന്നു.

അമ്മേ, നിന്റെ മാറോടു ചേർന്നിരുന്ന ഉണ്ണിയല്ലേ, ഇന്ന് ഗദ്സെമനിൽ പിടയുന്നത്. അവനവിടെ ഏകനാണെങ്കിലും ആത്മനാ നീ അവനോടൊപ്പം തന്നെയുണ്ട്. ബത്ലെഹമിലെ തണുത്ത രാവിൽ നീ അവനെ ചേർത്തുപിടിച്ചപോലെ ഈ രാവിലും ആത്മനാ നീ അവനെ നിന്റെ മാറോടു ചേർത്തുവച്ചിട്ടുണ്ട്. പരിശുദ്ധ അമ്മേ, എന്നെയും അമ്മയുടെ ഉണ്ണിയോടു ചേർത്തുപിടിക്കണമേ



*പ്രാർത്ഥന*

ഉണ്ണീശോയേ, വേദനകൾക്കു നടുവിൽ എന്തു വിലകൊടുത്തും ദൈവഹിതം നിറവേറ്റാൻ ഞങ്ങളെ സഹായിക്കണമേ.

*വചനം*

"എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ!" (ലൂക്കാ 22:42യ)

*സുകൃതജപം*

എന്നെ കാക്കുന്ന എന്റെ കാവൽമാലാഖയ്ക്ക് ഒരായിരം നന്ദി.

www.malankaralibrary.com

16 ഡിസംബർ

ദുഃഖത്തിന്റെ 2-ാം രഹസ്യം

# ഈശോ ചമ്മട്ടികളാൽ അടിക്കപ്പെടുന്നു

ഈശോയേ, ചാട്ടവാറടിയേറ്റ് നിന്റെ ശരീരം പിളരുന്നത് ഞാൻ കാണുന്നു. നിന്റെ മാംസവും രക്തവുമിതാ എന്റെ ചുറ്റിലും ചിതറിത്തെറിക്കുന്നു. നിന്റെ ശരീരത്തിൽനിന്ന് ഒഴുകിയ ഓരോ രക്തത്തുള്ളിയും എനിക്ക് സൗഖ്യത്തിനുള്ളതായിരുന്നു. ഈശോയേ, നിന്റെ ശരീരത്തിലെ ഏതെങ്കിലുമൊരു മുറിവിന് എനിക്കും അവകാശമുണ്ട്-'എനിക്കുവേണ്ടി മാത്രം' മുറിക്കപ്പെട്ട ഒന്ന്.

അമ്മേ, ആദ്യമായി അമ്മ കൈകളിലെടുത്ത് തഴുകി തലോടിയ ആ തളിർമേനിയിതാ, എനിക്കായി മുറിക്കപ്പെടുന്നു. അമ്മേ, അവനോടൊപ്പം നീയും രക്തം വാർക്കുന്നതു ഞാൻ കാണുന്നു. എന്നാലും, നിന്റെ കണ്ണുകളിൽ പരിഭവമില്ല, സ്നേഹം മാത്രം. അവന്റെ തിരുമുറിവുകളോടു നീയെന്നെ ചേർത്തുവയ്ക്കുമ്പോൾ ഞാനിതാ സൗഖ്യം അനുഭവിക്കുന്നു.



*പ്രാർത്ഥന*

ഈശോയെ, ഞങ്ങളുടെ ബലഹീനതകളും തോൽവികളും മൂലം ഞങ്ങൾക്കുണ്ടായ എല്ലാ വേദനകളെയും അങ്ങയുടെ തിരുരക്തത്താൽ കഴുകി സൗഖ്യപ്പെടുത്തണമേ.

*വചനം*

"അവൻെറ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു."
(1 പത്രോ 2:24)

*സുകൃതജപം*

ഉണ്ണീശോയേ, എല്ലാറ്റിനും ഞാനങ്ങേയ്ക്ക് നന്ദി പറയുന്നു.

---

17 ഡിസംബർ

ദുഃഖത്തിന്റെ 3-ാം രഹസ്യം

# ഈശോയെ മുൾമുടി ധരിപ്പിക്കുന്നു

ഈശോയേ, മുൾക്കിരീടമണിഞ്ഞ നിന്റെ തിരുമുഖം ഞാൻ കാണുന്നു. അടിയേറ്റു കലങ്ങിയ കണ്ണുകളും നീരുവച്ചു വീങ്ങിയ കവിൾത്തടവും ചുണ്ടുകളും, ചോരയിൽ പൊതിഞ്ഞിരിക്കുന്നല്ലോ.

അമ്മേ, അമ്മയുടെ ഉണ്ണീശോയുടെ ഓമന മുഖം ഇന്ന് തിരിച്ചറിയാനാവാത്തവണ്ണം വിരൂപമായല്ലോ. പ്രകാശം പരത്തിയിരുന്ന-അമ്മയെ കാണുമ്പോൾ വിടർന്നിരുന്ന-ആ കുഞ്ഞുകണ്ണുകൾ ഇന്ന് കലങ്ങിയിരിക്കുന്നത്, എന്റെ കണ്ണുകളെ വിശുദ്ധീകരിക്കാനല്ലേ.... അമ്മയുടെ മാധുര്യമുള്ള സ്വരത്തിന് കാതോർത്തിരുന്ന അവന്റെ കാതുകൾ തകർന്നത്, എന്റെ കാതുകളെ വിശുദ്ധീകരിക്കാനായിരുന്നു. അമ്മയ്ക്കൊരുപാട് മുത്തങ്ങൾ തന്ന അവന്റെ ഓമനത്തമുള്ള കുഞ്ഞു ചുണ്ടുകൾ വീങ്ങിയത് എന്റെ അധരം വിശുദ്ധമാക്കാനായിരുന്നല്ലോ.



*പ്രാർത്ഥന*

ഉണ്ണീശോയേ, നിനക്കിഷ്ടമില്ലാത്ത യാതൊന്നും കാണാനോ കേൾക്കാനോ പറയാനോ എന്നെ ഇടയാക്കല്ലേ. എപ്പോഴും ഈശോയുടെ തിരുമുഖം ധ്യാനിക്കാൻ പരിശുദ്ധ അമ്മേ, എന്നെ സഹായിക്കണമേ.

*വചനം*

"അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു." (ഏശ 53:3)

*സുകൃതജപം*

ഉണ്ണീശോയേ, കുഞ്ഞുകുഞ്ഞു പരിത്യാഗങ്ങളിലൂടെ ഞാൻ നിന്നെ ആശ്വസിപ്പിക്കട്ടെ.

www.malankaralibrary.com

ദുഃഖത്തിന്റെ 4-ാം രഹസ്യം

## ഈശോ കുരിശു ചുമക്കുന്നു

18 ഡിസംബർ

ഈശോയേ, ഒരുപാട് സ്നേഹത്തോടെ നീ കുരിശിനെ ചേർത്തുപിടിക്കുന്നത് ഞാൻ കാണുന്നു. കാലുകൾ ഇടറുന്നുണ്ടെങ്കിലും തല കറങ്ങുന്നുണ്ടെങ്കിലും പരാതിയേതുമില്ലാതെ നീ കുരിശിന്റെ പാതയിലൂടെ നടക്കുന്നു- 'കാൽവരിമലയിൽ കുർബാന ആവാനായി.' ഈശോയേ, ഗദ്സെമനിൽ നിന്റെ ശിഷ്യന്മാരെല്ലാവരും ഭയന്ന് ഓടിയ കനതല്ലേ... പിന്നെങ്ങനെ യോഹന്നാൻ ഈ കുരിശിന്റെ പാതയിൽ നിന്നോടൊപ്പമെത്തി! ഈശോയുടെ കണ്ണുകളെന്നോടു പറഞ്ഞു: "അമ്മ...."

അമ്മേ, അമ്മയുടെ കരം പിടിച്ചാണല്ലേ യോഹന്നാൻ ഇവിടെ എത്തിയത്! ഞാനെന്തേ അത് ഓർത്തില്ല. അമ്മ ചേർത്തുപിടിച്ചിട്ടുണ്ടെങ്കിൽ യോഹന്നാന് എങ്ങനെ പതറാനാകും. അമ്മേ, ഈ കാൽവരി യാത്രയിൽ ഞാനും ചേർന്നോട്ടെ.... എന്നേയും അമ്മ താങ്ങുമോ? ഉണ്ണീശോയെ പൊതിഞ്ഞുപിടിച്ച അമ്മയുടെ കരങ്ങൾ, ഇതാ ഇപ്പോൾ, എന്നെയും ചേർത്തുപിടിക്കുന്നു.

*പ്രാർത്ഥന*

പരിശുദ്ധ അമ്മേ, മറ്റുള്ളവർ ഞങ്ങളെ തെറ്റിദ്ധരിക്കുമ്പോഴും കുറ്റപ്പെടുത്തുമ്പോഴും ഒറ്റപ്പെടുത്തുമ്പോഴും അവയെല്ലാം ഈശോയുടെ കുരിശോട് ചേർത്തുവയ്ക്കാനും അവയെ പുണ്യങ്ങളാക്കാനും ഞങ്ങളെ സഹായിക്കണമേ.



*വചനം*

"ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്." (ഏശ 41:10a)

*സുകൃതജപം*

ഉണ്ണീശോയേ, എല്ലാവരിലും ഞാൻ നിന്നെ കാണട്ടെ.

---

ദുഃഖത്തിന്റെ 5-ാം രഹസ്യം

## ഈശോ കുരിശിൽ തറയ്ക്കപ്പെടുന്നു

19 ഡിസംബർ

ഈശോയേ, കുരിശിന്റെ വിരിമാറിൽ രണ്ടു കരങ്ങളും വിരിച്ചുപിടിച്ച് എനിക്കുവേണ്ടി പിതാവിനോടു പ്രാർത്ഥിക്കുന്ന നിന്നെ ഞാൻ കാണുന്നു. കാരിരുമ്പാണി താണിറങ്ങിയ പാദങ്ങളിൽ കുത്തിപ്പൊങ്ങി, ആയാസപ്പെട്ട് ശ്വാസമെടുത്ത് നീ എന്നെ പഠിപ്പിക്കുന്നത് 'ആബാ' എന്നു വിളിക്കാനല്ലേ. ആബാ പിതാവിന്റെ ഹൃദയത്തിലേക്കാണല്ലേ നീയെന്നെ ക്ഷണിക്കുന്നത്!



അമ്മേ, അമ്മയെ കാണുമ്പോഴെല്ലാം സന്തോഷംകൊണ്ട് നൃത്തംചവിട്ടിയ ആ കുഞ്ഞുപാദങ്ങളും തപ്പുകൊട്ടിയ ആ കുഞ്ഞുകൈകളും ഇന്നിതാ കാരിരുമ്പാണിയാൽ തുളയ്ക്കപ്പെട്ടിരിക്കുന്നു. അമ്മയുടെ ഹൃദയം തുളച്ചാണല്ലോ ആ ആണികൾ ഉണ്ണിയിലേക്കിറങ്ങിയത്. സഹനം തീമഴയായി പെയ്തിറങ്ങുന്ന ഈ മണിക്കൂറുകളിൽ, അമ്മേ നീ ഉരുകിതീരാഞ്ഞത്, 'ആബാ' എന്ന സ്വരം നിന്റെ ഹൃദയത്തിൽനിന്നും നിലയ്ക്കാതെ ഉയർന്നതുകൊണ്ട് മാത്രമല്ലേ!

*പ്രാർത്ഥന*

എനിക്കു പകരക്കാരനായി കുരിശിലേറി എന്നെ പിതാവുമായി ഒന്നിപ്പിച്ച ഈശോയേ, എന്നും അപ്പനോട് ഒന്നായിരിക്കാൻ എന്നെ അനുഗ്രഹിക്കണമേ.

*വചനം*

"പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു." (ലൂക്കാ 23:46)

*സുകൃതജപം*

ആബാപിതാവേ, ഞാനെന്നും അങ്ങയുടേതാണ്.

www.malankaralibrary.com

★★★ വരുന്ന 5 ദിവസങ്ങളിൽ ശ്രദ്ധിക്കാൻ:

കുടുംബമൊന്നിച്ച് ദിവ്യകാരുണ്യ ഈശോയുടെ മുമ്പിൽ കുറച്ചുസമയം ചിലവഴിക്കുക. ഒപ്പംതന്നെ, ലോകം മുഴുവനുമുള്ള എല്ലാ കുട്ടികൾക്കും മാതാപിതാക്കൾക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

20 ഡിസംബർ

മഹിമയുടെ 1-ാം രഹസ്യം

## ഈശോയുടെ ഉത്ഥാനം



ഉത്ഥിതനായ ഈശോയേ, എന്ത് തേജസ്സാണ് നിനക്ക്!! മുദ്രവച്ച കല്ലറയ്ക്കോ, കാവൽനിന്ന പടയാളികൾക്കോ, യാതൊന്നിനും നിന്നെ തടുക്കാനായില്ല. മരണത്തെയും അതിന്റെ ദംശനത്തെയും നീ തകർത്തെറിഞ്ഞു. പറുദീസ നഷ്ടപ്പെട്ട എനിക്കിതാ, നീ സ്വർഗ്ഗം തുറന്നുതന്നു. എത്ര വലിയ പ്രത്യാശയാണ് ഈശോയേ, നീ എനിക്ക് തരുന്നത്!! അതേ, ഇന്നുമുതൽ ഞാൻ സ്വർഗ്ഗത്തിന്റെ പൗരനാണ്.

അമ്മേ, ബേത്‌ലെഹെം മുതൽ കാൽവരി വരെ നീ നിന്റെ ഉണ്ണിക്ക് നിഴലായിനിന്നു. പക്ഷേ, പാറയിൽ വെട്ടിയുണ്ടാക്കിയ ആ കല്ലറയിൽ മൂന്നാം ദിവസം എന്തേ അമ്മേ, നിന്നെ കണ്ടില്ല? ആ കല്ലറ ശൂന്യമാണെന്ന് അമ്മയ്ക്ക് ഉറപ്പായിരുന്നു, അല്ലേ? ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ തിരയേണ്ടതില്ല എന്ന് അമ്മയ്ക്ക് അറിയാമായിരുന്നോ?

*പ്രാർത്ഥന*

ഉണ്ണീശോയേ, ഈ ജീവിതത്തിലെ സങ്കടങ്ങൾ ഞങ്ങളെ നിരാശയിലേയ്ക്ക് കൊണ്ടുപോകാൻ അനുവദിക്കരുതേ. ദൈവമഹത്വം കാണാൻ നിശബ്ദമായി കാത്തിരിക്കാനുള്ള മനസ്സിനായി അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*വചനം*

“നമുക്കെതിരേ വരുന്ന ശത്രുക്കളെയും ലോകം മുഴുവനെത്തന്നെയും അംഗുലീചലനംകൊണ്ടു തറപറ്റിക്കാൻ കഴിയുന്ന സർവശക്തനായ ദൈവത്തിലാണു നമ്മുടെ പ്രത്യാശ. (2 മക്ക 8:18b)

*സുകൃതജപം*

എന്റെ അമ്മേ,
എന്റെ ആശ്രയമേ.

---

21 ഡിസംബർ

മഹിമയുടെ 2-ാം രഹസ്യം

## ഈശോയുടെ സ്വർഗ്ഗാരോഹണം

ഈശോയേ, ഇന്നീ ഒലിവുമലയിൽ എന്നെ ചേർത്തുപിടിച്ചുകൊണ്ട് നീ പറഞ്ഞുവല്ലോ- നിന്റെ സാക്ഷിയാകണമെന്ന്. നീ എനിക്ക് വലിയൊരു ഉറപ്പും തന്നുവല്ലോ- ഞാനൊരിക്കലും ഒറ്റയ്ക്കാവില്ലെന്ന്; അവസാനം വരെ നീയെന്നും എന്റെ കൂടെയുണ്ടാവുമെന്ന്. ഇതാ, നീയിപ്പോൾ മേഘങ്ങൾക്കിടയിൽ മറഞ്ഞുകഴിഞ്ഞു. ‘നീയെവിടെ’ എന്നു ഞാൻ തിരയുമ്പോൾ, എന്റെയുള്ളിൽനിന്നും ഞാനിതാ ഒരു സ്വരം കേൾക്കുന്നു: “കുഞ്ഞേ, വി. ഗ്രന്ഥം തുറന്നു വായിക്കുക. അത് നെഞ്ചോട് ചേർത്തുവയ്ക്കുക. അവിടെ ഞാനുണ്ട്. അവിടെ നിനക്കെന്നെ കാണാം... നിനക്കെന്നെ കേൾക്കാം... വ്യക്തമായിത്തന്നെ.”

അമ്മേ, പുത്രനായ വചനത്തെ നീ സദാ ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ടിരുന്നുവല്ലോ. വചനമായ അവനെ എനിക്കും താഴെവയ്ക്കാതെ സ്നേഹിക്കണം. അമ്മേ, നിന്റെ ഉണ്ണി അങ്ങനെ എന്റെ ഉള്ളിലും മാംസമാകുന്നു.

*പ്രാർത്ഥന*

ഈശോയേ, അങ്ങയുടെ വചനം എന്നും വായിക്കാനും, ധ്യാനിക്കാനും, ജീവിക്കാനും ഞങ്ങളെ നിർബന്ധിക്കണമേ.



*വചനം*

“അവിടുത്തെ കൽപനകൾ പാലിക്കുന്നവർ, പൂർണഹൃദയത്തോടെ അവിടുത്തെ തേടുന്നവർ, ഭാഗ്യവാൻമാർ.” (സങ്കീ 119:2)

*സുകൃതജപം*

വചനമായ ഉണ്ണീശോയേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

www.malankaralibrary.com

മഹിമയുടെ 3-ാം രഹസ്യം

# സെഹിയോൻ ഊട്ടുശാലയിൽ പരിശുദ്ധ മറിയത്തോടൊപ്പം

22 ഡിസംബർ

ഈശോയേ, സെഹിയോൻ ഊട്ടുശാലയിൽ നിന്റെ അമ്മയോടു ചേർന്നിരിക്കണമെന്നല്ലേ, നീ എന്നോടു പറഞ്ഞത്. ഈ സ്നേഹക്കൂട്ടായ്മയിൽ നിന്റെ ആത്മചൈതന്യം അഗ്നിനാവായി എന്നിലേക്കും കടന്നുവരുന്നല്ലോ. എന്റെ ആത്മാവിലേക്കും അത് ഒഴുകിയിറങ്ങുന്നല്ലോ.

അമ്മേ, ഇന്നലെ വരെ ഞാനും ശൂന്യമായിരുന്നു. രൂപരഹിതമായിരുന്നു. എന്നാൽ നിന്നോടൊപ്പമുള്ള പ്രാർത്ഥനയുടെ മടുക്കാത്ത രാവുകൾക്കൊടുവിൽ എന്നിലും മാറ്റം വരുന്നത് ഞാനറിയുന്നു. ദൈവാത്മാവിന്റെ ചൈതന്യം, ഇതാ, എന്നിൽ ചലിച്ചുതുടങ്ങി. അതെ, അവൻ എന്നിൽ സൃഷ്ടി ആരംഭിച്ചുകഴിഞ്ഞു. എന്റെ കഴിവ് തീർന്നിടത്തുനിന്നും- ഞാൻ നിർത്തിയിടത്തുനിന്നും- അവൻ തുടങ്ങുകയായി...



*പ്രാർത്ഥന*

പരിശുദ്ധാത്മാവേ, അങ്ങേ ഇഷ്ടദാസിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമല ഹൃദയത്തിന്റെ ശക്തമായ മാദ്ധ്യസ്ഥത്താൽ ഞങ്ങളിൽ വന്നു നിറയണമേ.

*വചനം*

"പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും." (അപ്പ 1:8a)

*സുകൃതജപം*

പരിശുദ്ധാത്മാവേ, എന്നെ നിരന്തരം നിയന്ത്രിക്കണമേ.

★★★ നന്മ നിറഞ്ഞ മറിയമേ ചൊല്ലിക്കൊണ്ടായിരിക്കട്ടെ ഈ വർഷത്തെ പുല്ക്കൂടൊരുക്കം.

മഹിമയുടെ 4-ാം രഹസ്യം

# പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം

23 ഡിസംബർ

ഈശോയേ, നിന്റെ അമ്മയിതാ സ്വർഗത്തിലേക്ക് ആനയിക്കപ്പെടുന്നത് ഞാൻ കാണുന്നു. വിശുദ്ധിയുടെ പരിമളമല്ലേ അമ്മ പൊഴിക്കുന്നത്!! സ്വർഗീയ സംഗീതമല്ലേ ആ കേൾക്കുന്നത്! ഒരമ്മയുടെ ശരീരത്തിലുട നീളം അവളുടെ കുഞ്ഞിന്റെ ജീവനുള്ള കോശങ്ങൾ, അവളുടെ മരണംവരെയുമുണ്ടെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ടല്ലോ (Fetal Microchimerism). ഈശോയേ, നിന്റെ ജീവനുള്ള കോശങ്ങൾ, നീ ജനിച്ചശേഷവും ശരീരത്തിൽ പേറിയ നിന്റെ അമ്മ, 'ചലിക്കുന്ന സക്രാരി'യായിരുന്നല്ലേ! ദൈവത്തിന്റെ കോശങ്ങൾ വഹിക്കുന്ന അമ്മയുടെ ശരീരത്തിന് ഒരിക്കലും ജീർണിക്കാനാവുമായിരുന്നില്ല, അല്ലേ?

ജീവിക്കുന്ന ദൈവത്തിന്റെ ആലയമേ, എന്റെ അമ്മേ, നിന്റെ വിശുദ്ധിയുടെ കിരണങ്ങൾ എന്നിലും വിതറണമേ. സ്വർഗ്ഗാരോപിതയായ അമ്മേ, നീയെന്റെ കൈപിടിച്ചെങ്കിൽ മാത്രമല്ലേ, ദിവ്യകാരുണ്യനാഥനെ സ്വീകരിക്കുന്ന എനിക്കും ദേവാലയമായി ജീവിക്കാനാവൂ..



*പ്രാർത്ഥന*

അമ്മേ, ദിവ്യകാരുണ്യ നാഥനെ സ്വീകരിക്കുന്ന ഞങ്ങളുടെ ശരീരവും മനസ്സും, പാപക്കറ വീഴാതെ വിശുദ്ധിയോടെ സൂക്ഷിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

*വചനം*

"നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ?" (1 കോറി 3:16)

*സുകൃതജപം*

ഉണ്ണീശോയേ, ഞങ്ങളെ വിശുദ്ധരാക്കണമേ.

# 24
ഡിസംബർ

മഹിമയുടെ 5-ാം രഹസ്യം

## പരിശുദ്ധ മറിയത്തെ സ്വർഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി മുടിധരിപ്പിക്കുന്നു



ഈശോയേ, സൂര്യനെ ഉടയാടയാക്കിയ നിന്റെ അമ്മയെ ഞാൻ കാണുന്നു. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ, ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം. അവൾ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയാണ്. (c.f. വെളി 12:1)

അമ്മേ, "നീ തിർസാനഗരംപോലെ മനോഹരിയാണ്; ജറുസലെംപോലെ സുന്ദരിയും. കൊടിക്കൂറകളേന്തി വരുന്ന സൈന്യംപോലെ നീ ഭയദയുമാണ്." (ഉത്തമ 6:4) എന്നാൽ എനിക്ക് നീ സ്നേഹത്തിന്റെ പാലാഴിയാണ്. അമ്മേ, നിന്റെ മാലാഖ സൈന്യത്തോടൊപ്പം നീ ഇറങ്ങിവരുന്നത് ഞാൻ കാണുന്നു. ജപമാല എന്ന വജ്രായുധവുമായി നീയിതാ വരുന്നു- നിന്റെ ഉണ്ണിയുടെ രണ്ടാം വരവിനായി സഭയെ ഒരുക്കാൻ. അമ്മേ, എന്നെയും ചേർക്കുമോ നിന്റെയീ സൈന്യത്തോടൊപ്പം...

*പ്രാർത്ഥന*

ഭൂമിയുടെമേൽ സ്വർഗത്തിന്റെ അനുഗ്രഹം വർഷിക്കാൻ, പരിശുദ്ധ ത്രിത്വത്തിൽനിന്നും അധികാരം കിട്ടിയ പരിശുദ്ധ രാജ്ഞീ, എന്റെ അമ്മേ, ശത്രുവിന്റെ എല്ലാ കെണികളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

*വചനം*

"ഇതാ, ഞാൻ വേഗം വരുന്നു. എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്. ഓരോരുത്തർക്കും സ്വന്തം പ്രവൃത്തികൾക്കനുസൃതം പ്രതിഫലം നൽകാനാണു ഞാൻ വരുന്നത്." (വെളി 22:12)

*സുകൃതജപം*

മാറാനാത്ത! കർത്താവായ യേശുവേ, വരണമേ!

---

# 25
ഡിസംബർ

## ക്രിസ്തുമസ്

'നന്മ നിറഞ്ഞ മറിയം' കൊണ്ടുള്ള പുല്ക്കൂട്ടിൽ ഉണ്ണീശോ പിറക്കുകയായി. എനിക്കു വേണ്ടി ഉണ്ണിയായി പിറന്ന ഈ വചനത്തെ ഞാനും നെഞ്ചോടു ചേർത്തു പിടിക്കട്ടേ. ഉണ്ണീശോയേ, എന്റെ ജീവിത്തിൽ, വചനം എന്നെ സ്പർശിക്കാൻ ഇടയാക്കണമേ. വചനം വായിക്കാനും കേൾക്കാനും, വചനം ധ്യാനിച്ചുകൊണ്ട് ഉണ്ണീശോയോടൊപ്പം ജ്ഞാനത്തിൽ വളരാനും പരിശുദ്ധ അമ്മേ, അമ്മ എന്നെയും കൂട്ടുകയാണല്ലേ....
എന്റെ പരിശുദ്ധ അമ്മ എനിക്കു തരുന്ന ക്രിസ്തുമസ് സമ്മാനം!



*പ്രാർത്ഥന*

പരിശുദ്ധ അമ്മേ, 'ചരടിൽ കോർത്ത ദൈവ വചന'മായ ജപമാല എന്നും എവിടെയും എന്റെ സംരക്ഷണവലയമാകട്ടേ.

*വചനം*

"ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു." (ലൂക്കാ 2:11)

*സുകൃതജപം*

കുഞ്ഞുണ്ണീശോയേ, ചക്കരയുമ്മ.

Angels' Army, KMC 34/485, Edappally Toll Junction, V.P. Marakkar Road, Kochi, Ernakulam-682024
To Subscribe Angels' Army Magazine:
9037 444 702, 0484 2559 313 (Contact between 10am-5pm)
angelsarmy04@gmail.com | www.angelsarmy.in

www.malankaralibrary.com